ഉത്തരം

നെയ്യാറിന്റെ കിഴക്കേക്കരയിൽ മാവിളക്കടവ്-പൊയ്പ്പാറ ബണ്ട് പണിയുന്നതിനായി ഇപ്പോൾ പ്രൊപ്പോസലുകൾ നിലവിലില്ല. എന്നാൽ നെയ്യാറിന്റെ ഇടതുകരയിൽ ആറാട്ടുകടവു മുതൽ മാവിളക്കടവു ബ്രിഡ്ജ് വരെ മഴുപാറ ബണ്ടിന്റെ നിർമ്മാണത്തിനായി 51 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ലാന്റ് അക്യൂസിഷൻ ചാർജ്ജായി 20 ലക്ഷം രൂപയും, ബണ്ട് പണിയുന്നതിനായി 28 ലക്ഷംരൂപയും ഈ വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയിലെ ആഡിറ്റ് സംവിധാനം

41 (1708) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിലെ ആഡിറ്റ് സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ ;

(ബി) ഏതു വർഷം വരെയുള്ള ഓഡിറ്റാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളവാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ടിലെ സെക്ഷൻ 29(2) പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ വാർഷിക കണക്കുകൾ സർക്കാർ നിയമിക്കുന്ന ആഡിറ്റർ, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം ആഡിറ്റ് ചെയ്യേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി നിലവിൽ വന്നതുമുതൽ അക്കൗണ്ടന്റ് ജനറലിനെയാണ് അതോറിറ്റിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ 1997-98 വർഷം വരെയുള്ള വാർഷിക കണക്കുകളുടെ ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 1998-99 ലെ വാർഷിക കണക്കുകളുടെ ആഡിറ്റ് പുരോഗതിയിലാണ്.

വാട്ടർ അതോറിറ്റിയിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

42 (1709) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി വിധിയെ തുടർന്ന് കേരള വാട്ടർ അതോറിറ്റിയിൽ സേവനത്തിൽ തുടരുന്ന താൽക്കാലിക ജീവനക്കാർ എത്ര പേരാണുള്ളത് ;

(ബി) ഇവരിൽ 19-9-1990-ൽ ഒരു വർഷം താൽക്കാലിക സേവനം പൂർത്തീകരിക്കാത്ത എത്ര ജീവനക്കാരാണുള്ളത് ;

(സി) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് നടപടി ക്രമങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നതെന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 203 പേർ.

(ബി) 171.

(സി&ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ ശുദ്ധജലക്ഷാമം

43 (1710) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗൺ ഒന്ന്, നാല് വാർഡുകളിൽ ശുദ്ധ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വെള്ളമെത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധിയിൽ ജോലികൾ സംബന്ധിച്ച് എന്ത് നിർദ്ദേശമാണ് ഉണ്ടായിരുന്നത് ;

(സി) ഹൈക്കോടതി വിധി അനുസരിച്ചുള്ള എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) എങ്കിൽ ജലക്ഷാമം ഉള്ള എല്ലാ സ്ഥലങ്ങളിലും വെള്ളം എത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇപ്പോഴും ഈ പ്രദേശങ്ങളിൽ ചില ഭാഗങ്ങളിൽ വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ വെള്ളമെത്തിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതി വിധിയിൽ ജോലികൾ സംബന്ധിച്ച് മൂന്നു മാസത്തിനുള്ളിൽ റെയിൽവേയുടെ അനുവാദം വാങ്ങി ഈ വാർഡുകളിൽ ശുദ്ധജലം എത്തിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് റെയിൽവേയിൽ നിന്നും അനുവാദം കിട്ടിയ ഉടൻതന്നെ ടെൻഡർ വിളിച്ച് പണികൾ അടിയന്തിരമായി പരമാവധി വേഗതയിൽ പൂർത്തിയാക്കുകയും അതോടൊപ്പംതന്നെ ചെറുകരക്കുന്നിലുള്ള വാട്ടർ ടാങ്കിൽ നിന്നും പൈപ്പുലൈൻ വഴി വെള്ളം ചാർജ്ജ് ചെയ്ത് പരിശോധിക്കുകയും ചെയ്തു. നേരത്തെ ഇട്ടിരുന്ന പൈപ്പുകളിലുണ്ടായ ചോർച്ചയും പൊട്ടലുകളും പരിഹരിക്കുന്ന നടപടികൾ ഇപ്പോഴും തുടർന്നു വരുന്നു. ഇവ പൂർണമായി പരിഹരിച്ച് 1, 4 വാർഡുകളിൽ ഒരാഴ്ചയ്ക്കകം ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly